©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

വാല്യം 6 Vol. VI | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2017 ആഗസ്റ്റ് 22 22nd August 2017 | 1193 ചിങ്ങം 6 6th Chingam 1193 | 1939 ശ്രാവണം 31 31st Sravana 1939 | നമ്പർ No. 34

## PART III
# Industries Department

**എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

(ഹാജർ : കെ. എസ്. പ്രദീപ്കുമാർ)

നമ്പർ ബി4/6317/2014. 2014 നവംബർ 28.

വിഷയം:—വ്യവസായം—സഹകരണം—തുല്യത വുമൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ് ഇൻഡ് (ഇ) 148—സമാപ്തീകരണ നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:—17-11-2014-ലെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ജനറൽ) എറണാകുളത്തിന്റെ JCI/EKM/84/14 നമ്പർ കത്ത്.

സൂചന കത്ത് പ്രകാരം തുല്യത വുമൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ് ഇൻഡ് (ഇ) 148, എന്ന സംഘത്തിന്റെ സെക്ഷൻ 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

മേൽപ്പറഞ്ഞ സാഹചര്യത്തിൽ എറണാകുളം സർക്കിളിന്റെ പരിധിയിൽ വരുന്ന തുല്യത വുമൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ് ഇൻഡ് (ഇ) 148 സംഘത്തിന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണത്തിന്റെ ഭാഗമായി വകുപ്പ് 72 (1) അനുസരിച്ച് എറണാകുളം സർക്കിളിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (ജനറൽ)-നെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. സംഘത്തിന്റെ മുഴുവൻ ആസ്തികളും രജിസ്റ്ററുകളും റെക്കോർഡുകളും എത്രയും വേഗം ഏറ്റെടുക്കേണ്ടതാണ്. ടി സംഘത്തിന്റെ ലഭിക്കാനുള്ളവ ഏറ്റെടുത്തുകൊണ്ടും സംഘം കൊടുക്കുവാനുള്ളവ കൊടുത്ത് തീർത്തുകൊണ്ടും ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിയും ക്ലെയിം നോട്ടീസും എത്രയും വേഗം അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)
ജനറൽ മാനേജർ.

## ക്ലെയിം നോട്ടീസ്

നമ്പർ SCI(Gen)/Liquidation/1/17. 2017 ജൂലൈ 21.

എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 28-11-2014-ലെ ബി4/6317/14 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന തുല്യത വുമൺ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്.ഇൻഡ് (ഇ) 148 എന്ന സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിന് ഉത്തരവാകുകയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സഹകരണ ഇൻസ്പെക്ടറെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുകയും ലിക്വിഡേറ്റർ ടി സംഘത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന യാതൊരുവിധ ബാധ്യതകളും പരിഗണിക്കുന്നതല്ലെന്ന് ഇതിനാൽ ഏവരേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
തുല്യത വുമൺ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്,
സൊസൈറ്റി എസ്.ഇൻഡ് (ഇ) 148,
സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ,
ജില്ലാ വ്യവസായ കേന്ദ്രം,
എറണാകുളം.

## ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ സംഘം ആക്ട് 21 ചട്ടം 69 പ്രകാരം]

നമ്പർ sci/ind/ps/2016. 2017 ജൂലൈ 21.

പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 9-2-2017-ലെ വി1/5959/2009 നമ്പർ ഉത്തരവ് പ്രകാരം ലിക്വിഡേഷനിലായ പുതുശ്ശേരി പട്ടികജാതി വനിത സോപ്പ് നിർമ്മാണ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എൻ.എസ്. ഇൻഡ് (പി) 117, പുതുശ്ശേരി പി. ഒ., പാലക്കാട് എന്ന സംഘത്തിന്റെ പ്രവർത്തനം നിർത്തൽ ചെയ്ത് താലൂക്ക് വ്യവസായ ഓഫീസ്, പാലക്കാടിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവ.) എന്നവരെ പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതാകുന്നു. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ രണ്ട് മാസത്തിനകം ലിക്വിഡേറ്ററായ എന്നെ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖേനയോ രേഖാമൂലം അറിയിക്കണമെന്നുള്ള വിവരം എല്ലാ സംഘാംഗങ്ങളേയും ഇടപാടുകാരേയും പൊതുജനങ്ങളേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. അതിനുശേഷം ലഭിക്കുന്ന ക്ലെയിമുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)
ലിക്വിഡേറ്റർ &
സീനിയർ സഹകരണ ഇൻസ്പെക്ടർ (വ്യവ),
താലൂക്ക് വ്യവസായ ഓഫീസ്,
പാലക്കാട്.